## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2715

18.06.2018-ൽ മറുപടിക്ക്

### <u>ചാത്തമംഗലം രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ടി. എ. റഹീം** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ചാത്തമംഗലം രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് ഉൾപ്പെടെ രജിസ്ട്രേഷൻ വകുപ്പിലെ 52 ഓഫീസുകൾക്ക് കെട്ടിട നിർമ്മാണത്തിന് 05.12.2017-ലെ സ.ഉ.(സാധാ)നം.995/2017/ നി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) ഇപ്പോൾ രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്ന കെട്ടിടം പൊളിച്ച് നീക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) നിലവിൽ രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്ന സ്ഥലത്ത് എത്ര ഭൂമിയാണ് സർക്കാരിന്റെ കൈവശത്തിലുള്ളത്; | സി) ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്നത് 17.813 ആർ സർക്കാർ ഭൂമിയിലാണ്. |
| ഡി) ഏറെ പഴക്കമുള്ള രജിസ്ട്രാർ ഓഫീസ് സംരക്ഷിച്ച് നിലനിർത്തണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ഉണ്ട്. |
| ഇ) രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന ഭൂമിയിൽ നിലവിലുള്ള കെട്ടിടം പൊളിച്ചു നീക്കാതെ തന്നെ പുതിയ കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഇ) നിലവിലെ കെട്ടിടം പൊളിച്ചു മാറ്റിയാൽ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങളും റിക്കോർഡുകൾ സംരക്ഷിക്കാൻ ആവശ്യമായ സൗകര്യങ്ങളോടും കൂടിയ കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - 2016-17 ലെ ബഡ്ജറ്റ് പ്രകാരം കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ- 52 ഓഫീസുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ,

---

നികുതി (ഇ) വകുപ്പ്

സ.ഉ.(സാധാ) നം./995/2017/നി.വ തീയതി,തിരുവനന്തപുരം, 05/12/2017

---

പരാമർശം:- 1. 08.08.2016ലെ ജി.ഒ.(എം.എസ്)135/16/ഫിൻ നമ്പർ ഉത്തരവ്.

2. 25.02.2017ലെ ജി.ഒ.(ആർ.റ്റി)140/17/നിവ നമ്പർ ഉത്തരവ്.

3. 14.09.2017ലെ ജി.ഒ.(ആർ.റ്റി)753/17/നിവ നമ്പർ ഉത്തരവ്.

4. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 10.11.2017ലെ ഫിൻ-5/131/16, 23.10.2017ലെ ഫിൻ5-/4207/16 എന്നീ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2016-17 ലെ ബഡ്ജറ്റ് പ്രകാരം കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ നീക്കി വച്ചിരുന്നു. ഇത് പ്രകാരം മൂന്ന് രജിസ്ട്രേഷൻ കോംപ്ലക്സുകൾ ഉൾപ്പെടെ 15 രജിസ്ട്രേഷൻ ഓഫീസുകളുടെ നിർമ്മാണത്തിന് 49.75 കോടി രൂപയുള്ള പ്രവർത്തികൾക്ക് പരാമർശം (2)ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും പരാമർശം (3) പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ Special Purpose Vehicle ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 100 കോടി രൂപയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾ മാത്രമേ കിഫ്ബി ഏറ്റെടുക്കുകയുള്ളു എന്നതിനാൽ മേൽ പറഞ്ഞ 15 ഓഫീസുകൾക്ക് പുറമേ 37 ഓഫീസുകളുടെ നിർമ്മാണത്തിന് കൂടിയുള്ള പ്ലാനും എസ്റ്റിമേറ്റും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയും അതുപ്രകാരം 52 ഓഫീസുകളുടെ നിർമ്മാണത്തിന് ആവശ്യമായിവരുന്ന 105,30,65,000/- രൂപയുടെ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (4)ലെ 23.10.2017ലെ കത്തുപ്രകാരം അപേക്ഷിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിധേയമായി താഴെപ്പറയുന്ന 52 ഓഫീസുകളുടെ കെട്ടിടനിർമ്മാണത്തിന് ആവശ്യമായിവരുന്ന 100 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയും, പരാമർശം (2)ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| പുതിയ കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ഓഫീസുകൾ | |
|---|---|
| **ജില്ല** | **ഓഫീസുകളുടെ പേര്** |
| തിരുവനന്തപുരം | മലയിൻകീഴ്, കന്യാകുളങ്ങര, നേമം രജി.കോംപ്ലക്സ്, വർക്കല, ചിറയിൻകീഴ്, തിരുവല്ലം, കാഞ്ഞിരംകുളം, ആറ്റിങ്ങൽ (അറ്റകുറ്റപ്പണികൾ), നാവായിക്കുളം |

| | |
|---|---|
| കൊല്ലം | കൊല്ലം |
| ആലപ്പുഴ | മാരാരിക്കുളം |
| കോട്ടയം | കോട്ടയം രജി. കോംപ്ലക്സ്, കടുത്തുരുത്തി |
| ഇടുക്കി | തൊടുപുഴ, ഉടുമ്പൻചോല, തോപ്രാംകുടി |
| എറണാകുളം | കോതമംഗലം, കുഴുപ്പിള്ളി |
| തൃശ്ശൂർ | ഒല്ലൂർ, കുന്നംകുളം, അക്കിക്കാവ്, അണ്ടത്തോട്, പഴയന്നൂർ, തൃപ്രയാർ, കല്ലേറ്റുംകര |
| പാലക്കാട് | ഒറ്റപ്പാലം, ചെർപ്പുളശ്ശേരി, തൃത്താല, കുഴൽമന്ദം |
| മലപ്പുറം | കുറ്റിപ്പുറം, കൽപകഞ്ചേരി, താനൂർ, തേഞ്ഞിപ്പലം, മലപ്പുറം, പരപ്പനങ്ങാടി |
| കോഴിക്കോട് | കോഴിക്കോട് രജി.കോംപ്ലക്സ്, വെസ്റ്റ്ഹിൽ, ചാത്തമംഗലം, വില്യാപ്പള്ളി, പയ്യോളി, ഫറോക്ക്, പേരാമ്പ്ര, അഴിയൂർ, നാദാപുരം, നടുവണ്ണൂർ, ചേളന്നൂർ, തിരുവള്ളൂർ |
| വയനാട് | മാനന്തവാടി |
| കണ്ണൂർ | തളിപ്പറമ്പ് (rough cost estimate), ഉളിക്കൽ (rough cost estimate) |
| കാസറഗോഡ് | ഉദുമ, തൃക്കരിപ്പൂർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിൻഹാജ് ആലം ഐ.എ.എസ്**
സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് & എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ജില്ലാ രജിസ്ട്രാർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
തീർപ്പഫയൽ ജി.ഒ.(ആർ.റ്റി)140/17/നിവ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് : ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ സിദ്ധീകരിക്കുന്നതിന്)

സെക്ഷൻ ഓഫീസർ